**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1435

2.7.2015 ൽ
മറുപടിയ്ക്ക്

## കവി കുഞ്ഞുണ്ണി മാസ്റ്റർക്ക് സ്മാരകം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.ഗീതാ ഗോപി | | ശ്രീ.കെ.സി.ജോസഫ്<br>ഗ്രാമവികസനവും ആസൂത്രണവും<br>സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി |
| (എ) കുഞ്ഞുണ്ണി മാസ്റ്റർ സ്മാരകത്തിന് സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നാണ് അനുവദിച്ചതെന്നും എത്രയാണ് തുകയെന്നും അറിയിക്കുമോ; | (എ) | ഉണ്ട്. വലപ്പാട് കുഞ്ഞുണ്ണി മാഷ് സ്മാരക സമിതിയുടെ വിവിധ പ്രവർത്തനങ്ങൾക്ക് സർക്കാർ 25.3.2013-ലെ സ.ഉ.(സാധാ) നം: 153/13/സി.എ.ഡി ഉത്തരവ് പ്രകാരം 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) വലപ്പാട്ട് കുഞ്ഞുണ്ണി മാസ്റ്റർ കുടുംബം സ്മാരക നിർമ്മാണത്തിന് അനുവദിച്ച സ്ഥലത്ത് സർക്കാർ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് എന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്തിയിട്ടുണ്ടോ ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ<br>(സി) ഈ കാലയളവിൽ സ്മാരക കമ്മിറ്റിയെ നിയമിച്ചിരുന്നുവോ ഉണ്ടെങ്കിൽ കുഞ്ഞുണ്ണി സ്മാരക നിർമ്മാണം നടത്താത്തതിൽ ഈ ഭരണസമിതിക്ക് എന്തെങ്കിലും ഉത്തരവാദി ത്തമുണ്ടോ എന്ന് വിശദമാക്കുമോ? | (ബി)യും (സി)യും | വലപ്പാട്ട് കുഞ്ഞുണ്ണി മാസ്റ്ററുടെ കുടുംബം കേരള സാഹിത്യ അക്കാദമിക്ക് വിട്ടു നൽകിയ ഭൂമിയിൽ കവിയുടെ സ്മാരകം നിർമ്മിക്കുന്നതിന് ശ്രീ.ടി.എൻ.പ്രതാപൻ എം.എൽ.എ.അദ്ധ്യക്ഷനായി സർക്കാർ രൂപീകരിച്ച കുഞ്ഞുണ്ണി മാഷ് സ്മാരക സമിതിക്ക് സാഹിത്യ അക്കാദമി പെർമിസീവ് സാംഗ്ഷൻ നൽകിയിട്ടുണ്ട്. എന്നാൽ സ്മാരക നിർമ്മാണത്തിന് വിശദമായ പ്രോജക്ടും എസ്റ്റിമേറ്റും സർക്കാരിൽ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ധനസഹായം അനുവദിക്കുന്ന കാര്യം പരിശോധിക്കുവാൻ സാധിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ